(സി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ചിരുന്നു.

(ഡി) ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണിയിലും ലേലത്തിലും നടന്ന അഴിമതി

125 (4560) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നില എന്നാണ് വാടകയ്ക്ക് ലേലം ചെയ്ത് നൽകിയത് ;

(ബി) വാടകത്തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) വാടകയ്ക്ക് ലേലം ചെയ്തുകൊടുത്തശേഷം പ്രസ്തുത കെട്ടിടത്തിന് എത്ര ലക്ഷം രൂപയുടെ അറ്റകുറ്റപ്പണി നടത്തി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അറ്റകുറ്റപ്പണി നടത്തിയതിലും ലേലം ചെയ്തതിലും അഴിമതി നടന്നിട്ടുണ്ടെന്നുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; വിശദീകരിക്കുമോ ;

(ഇ) കുറ്റക്കാർക്കെതിരെ അടിയന്തിരമായി ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-5-2002 മുതൽ.

(ബി) 2002-2003-ൽ മാസവാടക 2,830 രൂപയും 2003-2004-ൽ 3,396 രൂപയുമാണ്.

(സി) 2,61,499 രൂപയുടെ അറ്റകുറ്റപ്പണികൾ.

(ഡി) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിരുന്നു.

(ഇ) അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

തിരുവമ്പാടി പി.എച്ച്.സി.-ക്ക് വേണ്ടി സ്ഥലംവാങ്ങുന്നതിൽ അഴിമതി

126 (4561) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന് (പി.എച്ച്.സി.) വേണ്ടി സറണ്ടർ ചെയ്ത ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly